**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1003** **10-06-2021 - ൽ മറുപടിയ്ക്ക്**

**റീസർവ്വേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി . ഉബൈദുള്ള ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ. യു.എ.ലത്തീഫ്** | | **Shri. K. Rajan<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി)** | |
| (എ) | റീസർവ്വേ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് ആകെയുള്ള 1665 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതും, ശേഷിക്കുന്ന 756 വില്ലേജുകളിൽ 29 വില്ലേജുകളുടെ റീസർവ്വെ പ്രവർത്തനങ്ങൾ നിലവിൽ പുരോഗതിയിലുമാണ്. |
| (ബി) | പ്രസ്തുത നടപടികൾ എന്നേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ? | (ബി) | സംസ്ഥാനത്ത് ആകെയുള്ള 1665 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയാക്കിയെങ്കിലും 87 വില്ലേജുകൾ ഒഴികെ ബാക്കിയുള്ള വില്ലേജുകളെല്ലാം പരമ്പരാഗത സർവ്വെ ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വെ ചെയ്തിട്ടുള്ളതും റിക്കാർഡുകൾ പേപ്പർ ഫോർമാറ്റിലുമാണ്. ടി മാപ്പുകളൊന്നും കാലഘട്ടത്തിനനുസൃതമായി ഡിജിറ്റൽ ഫോർമാറ്റിൽ മാറ്റുന്നതിനോ ഡിജിറ്റൽ സംവിധാനത്തിലൂടെയുള്ള സേവനം നൽകുന്നതിനോ സാധിക്കാത്തതാണ്. പ്രസ്തുത സാഹചര്യത്തിൽ 87 വില്ലേജുകൾ ഒഴികെയുള്ള 1578 വില്ലേജുകളും നൂതന സാങ്കേതികവിദ്യയുടെ സഹായത്താൽ സർവ്വെ നടത്തി മാപ്പുകൾ ഡിജിറ്റലായി തയ്യാറാക്കുന്നതിനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. ജീവനക്കാരുടെയും സർവ്വെ ഉപകരണങ്ങളുടെയും കുറവ് റീസർവ്വെ പ്രവർത്തനങ്ങളുടെ പുരോഗതിയെ ബാധിക്കുന്നുണ്ട്. സർവ്വെ ഉപകരണങ്ങളുടെ കുറവ് പരിഹരിക്കുന്നതിന് ആധുനിക സർവ്വെ സാങ്കേതിക വിദ്യയായ Continuously Operating Reference Station (CORS) നെറ്റ് വർക്ക് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനും Real- time kinematic positioning (RTK) ഉപകരണങ്ങളുടെ സഹായത്താൽ സർവ്വെ ജോലികൾ ത്വരിതപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു. ടി സാങ്കേതികവിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള |

| | | | |
|---|---|---|---|
| | | | സർവ്വെ ഓഫ് ഇന്ത്യ മുഖേന ഇത് സ്ഥാപിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. കൂടാതെ ജീവനക്കാരുടെ കുറവിന് പരിഹാരമായി വകുപ്പിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ലൈസൻസഡ് സർവ്വെയർമാരുടെ സേവനം വിനിയോഗിച്ച് റീസർവ്വെ നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള പദ്ധതിയും പരിഗണിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ